LIBRARY ARCHIVES Kerala Legislative Assembly

ഫാക്ട് പൊതുമേഖലയിൽ നിലനിർത്താൻ നടപടി

*22 [112] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ട് പൊതുമേഖലയിൽ നിലനിർത്താൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ചർച്ചയിൽ ഉരുത്തിരിഞ്ഞ പ്രധാന തീരുമാനങ്ങൾ വിശദമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഇതുസംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഉണ്ട്.

(സി) ഫാക്ട് പൊതുമേഖലയിൽ നിലനിർത്തുന്നതു സംബന്ധിച്ച് മുഖ്യമന്ത്രിയും കേന്ദ്ര രാസവള വകുപ്പു മന്ത്രിയുമായി ചർച്ച നടത്തി ചില കാര്യങ്ങളിൽ ധാരണയിലെത്തിയിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ വ്യവസായവകുപ്പിന് ആധികാരികമായി ലഭിച്ചിട്ടില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

*23 [113] ശ്രീ. വി. കെ. ചന്ദ്രൻ:
,, കെ. രാധാകൃഷ്ണൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം തൊഴിൽ രഹിതരായിട്ടുള്ളവർക്ക് എത്രമാത്രം പ്രയോജനപ്പെടുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരിൽ നിന്നും താത്കാലിക നിയമനം ലഭിക്കുന്നവരുടെ എണ്ണത്തിൽ കാര്യമായ ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† അനുബന്ധം III കാണുക

(സി) താൽക്കാലിക ഒഴിവുകളിലേക്ക് നിയമനം നടത്താൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പ്രയോജനപ്പെടുത്താത്ത വകുപ്പുകളെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) സർക്കാർ വകുപ്പുകളിലേയും സ്ഥാപനങ്ങളിലേയും താൽക്കാലിക നിയമനങ്ങളെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാണെന്ന് ഉറപ്പുവരുത്താൻ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി, ഡി) ചില വകുപ്പുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെ നിയമനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് പരിഹാരമായി സർക്കാർ വകുപ്പുകളിലേയും സ്ഥാപനങ്ങളിലേയും താൽക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന മാത്രമേ നികത്താവു എന്ന് വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകുന്നതും അത് ലംഘിക്കുന്നവർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

തൊഴിലാളി ക്ഷേമനിധി

*24 [114] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മേഖലകളായ കയർ, കശുവണ്ടി, ചെത്ത് എന്നിവയിലെ തൊഴിലാളികൾക്കു വേണ്ടിയുള്ള ക്ഷേമനിധി തുക ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്ഷേമനിധി സ്ഥാപനങ്ങളുടെ ഭരണച്ചെലവ് കുറയ്ക്കുവാനും തൊഴിലാളികൾക്കുള്ള പെൻഷൻ, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സഹായം തുടങ്ങിയവ വർദ്ധിപ്പിച്ച് കാലോചിതമാക്കാനും നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഈ മേഖലയുമായി ബന്ധവും അനുഭവ സമ്പത്തുമുള്ളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭരണ ചെലവ് കുറയ്ക്കുന്നതിന് പരമാവധി ശ്രദ്ധിക്കുന്നുണ്ട്. ചെത്ത് തൊഴിലാളികളുടെ മിനിമം പെൻഷൻ 100 രൂപയിൽ നിന്നും 150 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ക്യാൻസർ ചികിത്സാ സഹായം, വിദ്യാഭ്യാസ സഹായം എന്നിവ കാലോചിതമായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ ഈ മേഖലയുമായി ബന്ധമുള്ളവരും കൂടി ഉൾപ്പെടുന്ന ഡയറക്ടർ ബോർഡുകളാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly